## ആരോഗ്യവകുപ്പ് മേലധികാരിയുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

വിഷയം : ആ.വ.ഡ – ജീവനക്കാര്യം – സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ നിന്നും സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികയിലേക്ക് അനുപാത സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) ഉ.നം. ഇ.എസ്.2-53694/2009/ആ.വ.ഡ തീ. 30/9/10.
2) ഉ.നം. എച്ച്.റ്റി5-28111/15/ആ.വ.ഡ തീ. .
3) സ.ഉ. നം. 07/2016/ധന തീ. 20.01.2016.

**ഉത്തരവ് നം. എച്ച്.റ്റി5-28111/2015/ആ.വ.ഡ തീയതി : 25/03/2021**

പരാമർശം (1) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ 9 -)0റാങ്ക് വരെ പേര് ചേർത്തിട്ടുള്ള ജീവനക്കാർക്ക് (റാങ്ക് നം .7 ഒഴികെ ) സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിനുശേഷം വകുപ്പിൽ 10 സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ ഒഴിവ് ഉണ്ടായിട്ടുണ്ട്.

പരാമർശം (1), പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും യോഗ്യരായ ചുവടെപ്പറയുന്ന ആരോഗ്യവകുപ്പിലെ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന തീയതി മുതലുള്ള പ്രാബല്യത്തിൽ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ നിന്നും സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികയിലേക്ക് 27800-59400 ശംബള സ്കെയിലിൽ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | റാങ്ക് നം | പേര് | ജനനതീയതി | പ്രാബല്യം |
|---|---|---|---|---|
| 1 | 7 | തുളസീദാസ് കെ എം | 04/03/1971 | 01.08.2019 |
| 2 | 12 | ഷാജി എസ് ആർ | 30/05/1968 | 01.09.2019 |
| 3 | 13 | മാത്യു ജോൺ | 25.05.1969 | 01.09.2019 |
| 4 | 14 | സതീഷ്കുമാർ പി | 225.06.1967 | 01.09.2019 |
| 5 | 16 | ജോർജ് മാത്യു | 20/01/1971 | 01.04.2020 |
| 6 | 16.A | സനൽകുമാർ.എൻ എ | 30.05/1968 | 01.06.2020 |
| 7 | 19 | അനിൽകുമാർ ടി എം | 09/04/1974 | 01.06.2020 |
| 8 | 20 | ജെസ്സി ജോസഫ് | 26/05/1974 | 25.03.2021 |
| 9 | 22 | നാസർ വി | 16/01/1969 | 25.03.2021 |
| 10 | 24 | അബ്ദുൽ ലത്തീഫ് | 29/05/1969 | 25.03.2021 |

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും സ്ഥാപനമേധാവികളും ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ പേരും ജനനതീയതിയും സേവന പുസ്തകവുമായി പരിശോധിച്ച് മാത്രമേ ജീവനക്കാരെ ഉയർന്ന തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിക്കാവൂ . സേവനപുസ്തകത്തിൽ അനുബന്ധ രേഖപ്പെടുത്തലുകൾ ചെയ്യേണ്ടതാകുന്നു.

പരാമർശം (3) ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട ശമ്പളപുനർനിർണ്ണയം നിശ്ചിത മാതൃകയിൽ ഡിക്ലറേഷൻ ജീവനക്കാർ പൂരിപ്പിച്ച നൽകേണ്ടതും ആയത് ലഭിക്കുന്ന മുറക്ക് ശമ്പളം പുതുക്കി നിശ്ചയിച്ച് നൽകേണ്ടതുമാണ്.

ഈ ഉത്തരവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികളോ ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം ഉചിതമാർഗ്ഗേന രേഖാമൂലം ബന്ധപ്പെട്ട മേലധികാരികൾ അറിയിക്കേണ്ടതാണ്. ടി സമയ പരിധിക്കുള്ളിൽ ലഭിക്കാത്ത പരാതികളും ആക്ഷേപങ്ങളും അറിയിപ്പ് കൂടാതെ നിരസിക്കുന്നതാണ്.

(ഒപ്പ്)
കുമാരി ബീന വി റ്റി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ് : ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ് സൈറ്റ് മുഖാന്തിരം)

പകർപ്പ് : ആരോഗ്യവകുപ്പ് ജില്ലാ / സ്ഥാപന മേധാവികൾക്കും (വെബ് സൈറ്റ് മുഖാന്തിരം)

// അംഗീകാരത്തോടെ //

സീനിയർ സൂപ്രണ്ട്